REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 09-05-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ജമ്മു ഉൾപ്പെടെ പടിഞ്ഞാറൻ അതിർത്തിയിലെ സൈനിക കേന്ദ്രങ്ങൾക്കു നേരെയുണ്ടായ പാകിസ്ഥാൻ മിസൈൽ-ഡ്രോൺ ആക്രമണം ഇന്ത്യ തകർത്തു.
- അതിർത്തിയിലെ ഭീകരതയ്ക്കെതിരെ ഇന്ത്യൻ നിലപാട് വ്യക്തവും കൃത്യവുമാണെന്ന് കേന്ദ്ര മന്ത്രി ഡോ. S ജയശങ്കർ.
- അമേരിക്കൻ കർദിനാൾ ഡോ. റോബർട്ട് ഫ്രാൻസിസ് പ്രവോസ്റ്റ പുതിയ മാർപ്പാപ്പ. ലിയോ പതിനാലാമൻ എന്ന പേരിൽ അദ്ദേഹം അറിയപ്പെടും.
- SSLC പരീക്ഷാ ഫലം ഇന്ന്.
- സംസ്ഥാനത്തെ ഹജ്ജ് ക്യാമ്പുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.
- ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര മുന്നേറുന്നു.

## വാർത്തകൾ വിശദമായി

ജമ്മു ഉൾപ്പെടെ പടിഞ്ഞാറൻ അതിർത്തിയിലെ സൈനിക കേന്ദ്രങ്ങൾക്കു നേരെയുണ്ടായ പാകിസ്ഥാൻ മിസൈൽ ആക്രമണത്തെ ഇന്ത്യ തകർത്തു. ഇന്നലെ രാത്രി മിസൈലുകളും, ഡ്രോണുകളും ഉപയോഗിച്ചായിരുന്നു പാകിസ്ഥാന്റെ പ്രകോപനപരമായ ആക്രമണം. ഇന്ത്യൻ ഭാഗത്ത് ഒരു നാശനഷ്ടവും ഉണ്ടായില്ലെന്ന് സൈനിക കേന്ദ്രങ്ങൾ അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ജമ്മുവിനെ ലക്ഷ്യമിട്ടയച്ച എട്ട് മിസൈലുകൾ സൈന്യത്തിന്റെ വ്യോമപ്രതിരോധ യൂണിറ്റുകൾ നിർവീര്യമാക്കി. ഇസ്രായേലിനു മേൽ ഹമാസ് നടത്തിയ ആക്രമണത്തെ ഓർമ്മിപ്പിക്കുന്ന തരത്തിലായിരുന്നു പാക് നടപടിയെന്ന് സൈനികകേന്ദ്രങ്ങൾ വിലയിരുത്തി. ജമ്മു അന്താരാഷ്ട്ര അതിർത്തിയിലെ ജമ്മു, പത്താൻകോട്, ഉധംപൂർ എന്നിവിടങ്ങളിലെ സൈനിക സ്റ്റേഷനുകളെ കേന്ദ്രീകരിച്ചായിരുന്നു മിസൈൽ ആക്രമണം. ജമ്മുകശ്മീരിലെ സംബ ജില്ലയിലെ രാജ്യാന്തര അതിർത്തിയിൽ രാത്രി പതിനൊന്നോടെയുണ്ടായ നുഴഞ്ഞുകയറ്റ ശ്രമം അതിർത്തി രക്ഷാസേന പരാജയപ്പെടുത്തി.

പാകിസ്ഥാൻ പ്രകോപന ശ്രമങ്ങളെ തുടർന്ന് രാജസ്ഥാനിലെ കിഷൻഗഢ്, ഹിമാചൽപ്രദേശിലെ ഭുന്ദാർ, പഞ്ചാബിലെ ലുധിയാന വിമാനത്താവളങ്ങൾ താൽക്കാലികമായി അടച്ചു. എന്നാൽ രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളും അടച്ചെന്ന വാർത്തകൾ തെറ്റും അടിസ്ഥാനരഹിതവുമാണെന്ന് സിവിൽ വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഇന്ത്യൻ സേന പാകിസ്ഥാനിലെ നിരവധി വ്യോമ പ്രതിരോധ റഡാർ സംവിധാനങ്ങൾ ഇന്നലെ തകർത്തു. ലാഹോറിലെ വ്യോമപ്രതിരോധ കേന്ദ്രവും തകർത്തവയിൽ ഉൾപ്പെടുന്നു. ഇന്ത്യയ്ക്കു നേരെ പാകിസ്ഥാൻ നടത്തിയ ആക്രമണങ്ങൾക്ക് ശക്തമായ തിരിച്ചടിയായിരുന്നു ഇതെന്ന് സൈന്യം അറിയിച്ചു. ഇന്നലെ ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ച് അവന്തിപ്പുര, ജമ്മു, അമൃത്സർ, കപൂർത്തല, ജലന്തർ, ലുധിയാന, ചണ്ഡിഗഡ് എന്നിവയടക്കം സ്ഥലങ്ങളിലേക്ക് ആക്രമണ ശ്രമം നടത്തിയിരുന്നു.

✪✪✪

അതിർത്തിയിലെ ഭീകരതയ്ക്കെതിരെ ഇന്ത്യയുടെ നിലപാട് വ്യക്തവും കൃത്യവുമാണെന്നും പാക്കിസ്ഥാന്റെ വർധിച്ചുവരുന്ന ഭീകര പ്രവർത്തനങ്ങളെ ശക്തമായി നേരിടുമെന്നും വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ വ്യക്തമാക്കി. US സ്റ്റേറ്റ് സെക്രട്ടറി മാർകോ റുബിയോ യുമായി ഇന്നലെ നടത്തിയ സംഭാഷണത്തിലാണ് ജയശങ്കർ ഇന്ത്യൻ നിലപാട് ആവർത്തിച്ചത്. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന അമേരിക്കൻ പ്രതിബദ്ധതയെ അഭിനന്ദിക്കുന്നതായി ജയ്ശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു .

ഇറ്റാലിയൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ അന്റോണിയോ തജാനിയയുമായും ഡോക്ടർ ജയ്ശങ്കർ ടെലിഫോൺ സംഭാഷണം നടത്തി. ഭീകരവാദത്തെയും  പാക്കിസ്ഥാന്റെ ഏത് ആക്രമണത്തെയും ശക്തമായി നേരിടുമെന്ന് സംഭാഷണത്തിൽ ജയ്ശങ്കർ ആവർത്തിച്ചു.

യൂറോപ്യൻ യൂണിയൻ വിദേശകാര്യ  സുരക്ഷാ നയങ്ങളുടെ ചുമതല വഹിക്കുന്ന ഉന്നത പ്രതിനിധി കാജാ കല്ലസുമായും പുതിയ സംഭവവികാസങ്ങൾ ഡോ. ജയശങ്കർ ചർച്ച ചെയ്തു.

✪✪✪

അമേരിക്കൻ കർദിനാൾ ഡോക്ടർ റോബർട്ട് ഫ്രാൻസിസ് പ്രവോസ്റ്റയെ പുതിയ മാർപ്പാപ്പയായി തെരഞ്ഞെടുത്തു. 267-ാമത്തെ പോപ്പായ  അദ്ദേഹം ലിയോ പതിനാലാമൻ മാർപ്പാപ്പ എന്ന പേരിലറിയപ്പെടും. സഭാ  ചരിത്രത്തിലെ ആദ്യ അമേരിക്കൻ മാർപ്പാപ്പയാണ് അദ്ദേഹം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

ചിക്കാഗോയിൽ ജനിച്ച 69 കാരനായ ഫ്രാൻസിസ് പ്രവോസ്റ്റ, ഓർഡർ ഓഫ് സെന്റ് അഗസ്റ്റിനീയൻ അംഗമായി പെറുവിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2023 ൽ ബിഷപ്പിന്റെ പ്രിഫെക്റ്റ് ഡിക്കാസ്റ്ററിയായും, ലാറ്റിൻ അമേരിക്കയിൽ, പോപ്പ് ഫ്രാൻസിസ് മാർപ്പാപ്പയുടെ പ്രസിഡന്റ് ഓഫ് ദ പൊന്തിഫിക്കൽ കമ്മീഷനായും പ്രവർത്തിച്ചു.

വത്തിക്കാനിലെ  മട്ടുപ്പാവിൽ നിന്ന് ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത പുതിയ മാർപ്പാപ്പ,  'എല്ലാവർക്കും  സമാധാനം' എന്ന സന്ദേശമാണ് ആദ്യമായി നൽകിയത്.133 കർദിനാൾമാരുടെ കോൺക്ലേവ് പുതിയ മാർപ്പാപ്പയെ തെരഞ്ഞെടുത്തതോടെ സിസ്റ്റൈൻ ചാപ്പൽ ചിമ്മിനിയിൽ നിന്നും വെളുത്ത പുക ഉയർന്നു.

✪✪✪

SSLC പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും.  വൈകിട്ട് മൂന്നിന്  മന്ത്രി V. ശിവൻകുട്ടി  തിരുവനന്തപുരത്ത് ഫലം ഔദ്യോഗികമായി പുറത്തുവിടും. നാലു മുതൽ PRD LIVE മൊബൈൽ ആപ്പിലും  ഔദ്യോഗിക വെബ്സൈറ്റുകളിലും ഫലം ലഭ്യമാകും. നാല് ലക്ഷത്തി 26,697 വിദ്യാർത്ഥികളാണ് ഇത്തവണ പരീക്ഷയെഴുതിയത്.

✪✪✪

വളാഞ്ചേരിയിൽ നിപ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ എല്ലാവരും മാസ്ക് ധരിക്കണമെന്ന് മന്ത്രി വീണാ ജോർജ് നിർദ്ദേശിച്ചു.വളാഞ്ചേരി മുൻസിപ്പാലിറ്റി രണ്ടാം വാർഡിൽ മൂന്നു കിലോമീറ്റർ ചുറ്റളവിലും, മാറാക്കര - എടയൂർ പഞ്ചായത്തുകളിലും നിയന്ത്രണമുണ്ടായിരിക്കും. ഹൈറിസ്ക് വിഭാഗത്തിൽപ്പെട്ട ഏഴു പേരിൽ നിന്നെടുത്ത സാമ്പിളുകൾ നെഗറ്റീവാണെന്നും മന്ത്രി പറഞ്ഞു.

രോഗം സ്ഥിരീകരിച്ചയാൾ എവിടെയൊക്കെ പോയിട്ടുണ്ടെന്ന് പരിശോധിച്ചു വരികയാണ്. വീട്ടിൽ നിന്ന് അധികം പുറത്തുപോകാറില്ലാത്തയാളാണ് രോഗബാധിതയെന്നും മന്ത്രി പറഞ്ഞു. നിപ സംശയിച്ചതിനാൽ ആവശ്യമായ ചികിത്സ നേരത്തെ തുടങ്ങിയിരുന്നു. മോണോക്ലോണൽ ആന്റിബോഡി അവർക്ക് നൽകുമെന്നും വീണാ ജോർജ് അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ മുഖാമുഖം പരിപാടി രാവിലെ കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ ആരംഭിക്കും. ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനാകും. സമൂഹത്തിലെ വിവിധ മേഖലകളിലെ അഞ്ഞൂറോളം പേരുമായി മുഖ്യമന്ത്രി സംസാരിക്കും. വൈകിട്ട് കളക്ടറേറ്റ് മൈതാനിയിലെ LDF റാലിയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. റാലിയുടെ സാഹചര്യത്തിൽ ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് ആറു വരെ നഗരപരിധിയിൽ വലിയ വാഹനങ്ങൾക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

നാലാം വാർഷികത്തിന്റെ ഭാഗമായി കണ്ണൂർ പൊലീസ് മൈതാനിയിൽ ‘എന്റെ കേരളം’ പ്രദർശന വിപണന മേള മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. കൂട്ടായ്മയോടെ പ്രവർത്തിച്ച് പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിച്ച ചരിത്രമാണ് കേരളത്തിന്റെ കരുത്തെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ഹജ്ജ് ക്യാമ്പുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിനടുത്ത് നിർമ്മിക്കുന്ന ഹജ്ജ് ഹൗസിന് അദ്ദേഹം തറക്കല്ലിടുകയും ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്).......

✪✪✪

തോൽവികളെ നേരിടാനും, അതിജീവിക്കാനും, മനസ്സിനെ കരുത്തുറ്റതാക്കാനും കായികമേഖല മികച്ച സ്വാധീനം ചെലുത്തുന്നുണ്ടെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. മന്ത്രി V അബ്ദുറഹിമാന്റെ നേതൃത്വത്തിൽ ആരംഭിച്ച ലഹരിവിരുദ്ധ സന്ദേശയാത്രയുടെ കോഴിക്കോട് ജില്ലാ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യാത്രയ്ക്ക് മികച്ച പിന്തുണയാണ് ലഭിക്കുന്നതെന്നും അത് ലഹരിവിരുദ്ധ നീക്കത്തിന് ഊർജ്ജം പകരുന്നതാണെന്നും മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു.

ലഹരിക്കെതിരെ എന്തു സംസാരിക്കുന്നു എന്നതിനപ്പുറം, എന്ത് ചെയ്യാനാകുന്നു എന്നാണ് വിലയിരുത്തേണ്ടതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന മന്ത്രി AK ശശീന്ദ്രൻ അഭിപ്രായപ്പെട്ടു.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 20 സ്വർണ്ണം ഉൾപ്പെടെ 54 മെഡലുകളുമായി മഹാരാഷ്ട്ര മുന്നേറുന്നു. 11 സ്വർണ്ണവുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 10 സ്വർണ്ണവുമായി കർണ്ണാടക മൂന്നാം സ്ഥാനത്തുമാണ്. മൂന്ന് സ്വർണ്ണമുൾപ്പെടെ 6 മെഡലുമായി കേരളം 13-ാം സ്ഥാനത്താണ്.

✪✪✪

തായ്പേയ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ, വനിതാ സിംഗിൾസുകളിൽ ആയുഷ് ഷെട്ടിയും, ഉന്നതി ഹൂഡയും ക്വാർട്ടറിൽ കടന്നു.

പുരുഷ സിംഗിൾസിൽ ആയുഷ് ഷെട്ടി ഇന്ത്യയുടെ തന്നെ കിഡംബി ശ്രീകാന്തിനെയാണ് പരാജയപ്പെടുത്തിയത്. ഇന്ന് ക്വാർട്ടറിൽ കാനഡയുടെ ബ്രയാൻ യാങ്ങിനെ, ഷെട്ടി നേരിടും.

വനിതാ സിംഗിൾസിൽ ഉന്നതി ഹൂഡ ചൈനീസ് തായ്പേയിയുടെ ലിൻ സി യുന്നിനെ പരാജയപ്പെടുത്തി. ക്വാർട്ടറിൽ ചൈനീസ് തായ്പേയിയുടെ ഹംഗ് യി-ടിംഗിനെ ഉന്നതി നേരിടും.

✪✪✪

IPL ക്രിക്കറ്റിൽ ധർമ്മശാലയിലെ ഇന്നലത്തെ പഞ്ചാബ് കിംഗ്സ് - ഡൽഹി ക്യാപിറ്റൽസ് മത്സരം ഉപേക്ഷിച്ചു. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായാണ് മത്സരം പത്ത് ഓവർ പിന്നിട്ടപ്പോൾ നിർത്തിവെച്ചത്.

ഇന്ന്, ലഖ്നൗ സൂപ്പർ ജയന്റ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. വൈകീട്ട് 7.30 ന് ലഖ്നൗവിലാണ് മത്സരം.

✪✪✪

സംസ്ഥാനത്തെ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും, സർജറി യൂണിറ്റുകളും മന്ത്രി J ചിഞ്ചുറാണി കൊല്ലത്ത് ഫ്ലാഗ് ഓഫ് ചെയ്തു. വൈകിട്ട് ആറു മുതൽ പുലർച്ചെ അഞ്ചു വരെ 1962 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ചാൽ യൂണിറ്റുകളുടെ സേവനം ലഭ്യമാകും.

✪✪✪

KPCC പ്രസിഡന്റ് എന്ന ഭാരിച്ച ചുമതല ഏൽപ്പിച്ച AICC യ്ക്കും സംസ്ഥാനത്തെ മുതിർന്ന നേതാക്കൾക്കും നന്ദി അറിയിക്കുന്നതായി പുതിയ KPCC പ്രസിഡന്റായി നിയമിതനായ സണ്ണി ജോസഫ് MLA പറഞ്ഞു. UDF നെ കരുത്തുറ്റ പ്രസ്ഥാനമാക്കി മാറ്റുന്നതിന് ശ്രമിക്കുമെന്ന് അദ്ദേഹം കണ്ണൂർ DCC ഓഫീസിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രവർത്തകരെ ഒറ്റക്കെട്ടായി മുന്നോട്ടു കൊണ്ടു പോകാൻ സണ്ണിജോസഫിന് കഴിവും പ്രാപ്തിയുമുണ്ടെന്ന് വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത മുൻ പ്രസിഡണ്ട് K.സുധാകരൻ പറഞ്ഞു.

✪✪✪

BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ നേതൃത്വം നൽകുന്ന വികസിത കേരളം കൺവെൻഷൻ ഇന്ന് പാലക്കാട് ജില്ലയിൽ. രാവിലെ വെസ്റ്റ് ജില്ല കൺവെൻഷൻ ഒറ്റപ്പാലം, കണ്ണിയാമ്പുറത്തും ഈസ്റ്റ് ജില്ലാ കൺവെൻഷൻ വൈകീട്ട് പാലക്കാട്ടുമാണ് നടത്തുന്നത്.

✪✪✪

കൈരളി ഇന്റർനാഷണൽ കൾച്ചറൽ ഫെസ്റ്റിന്റെ മൂന്നാം എഡിഷൻ കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ സിനിമാഫെസ്റ്റ് രാവിലെ സംവിധായകരായ ബ്ലെസ്സിയും, കമലും പങ്കെടുക്കുന്ന സെഷനോടെ ആരംഭിക്കും.

✪✪✪

കോട്ടയ്ക്കൽ എടരിക്കോട് മമ്മാലിപ്പടിയിൽ ട്രെയിലർ ലോറി, വാഹനങ്ങളിലിടിച്ചു കയറി രണ്ട് പേർ മരിച്ചു. 28 പേർക്ക് പരിക്കേറ്റു. ഫർണീച്ചർ വ്യാപാരി ഒതുക്കുങ്ങൽ പള്ളിപ്പുറം വടക്കേതിൽ മുഹമ്മദലി, വടക്കാഞ്ചേരി തിരുമിറ്റക്കോട് ബഷീറിന്റെ മകൾ ദുആ എന്നിവരാണ് മരിച്ചത്.

✪✪✪

കേരളത്തിലെ കോൺഗ്രസുകാർ ഓപ്പറേഷൻ സുധാകർ നടപ്പാക്കിയെന്ന് SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അഭിപ്രായപ്പെട്ടു. പാർട്ടിയ്ക്ക് മികച്ച നേട്ടങ്ങൾ നൽകിയ സുധാകരനെ KPCC പ്രസിഡണ്ട് സ്ഥാനത്തു നിന്ന് മാറ്റിയത് കോൺഗ്രസിന്റെ സർവനാശത്തിനാണെന്ന് അദ്ദേഹം ആലപ്പുഴയിൽ പറഞ്ഞു.

✪✪✪

എട്ടാം കേന്ദ്ര ശമ്പള കമ്മീഷൻ നടപടികൾ കാലതാമസമില്ലാതെ ആരംഭിക്കണമെന്ന് കേന്ദ്ര പെൻഷൻകാരുടെ എറണാകുളം ജില്ലാസമ്മേളനം ആവശ്യപ്പെട്ടു. CGHS ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും, മുതിർന്ന പൗരന്മാരുടെ റെയിൽവെ കൺസഷൻ പുനഃസ്ഥാപിക്കണമെന്നും യോഗം പ്രമേയം പാസാക്കി.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team:ശരണ്യ രാജൻ*
*DEO: ഷീബ*